പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8277 17.07.2014 ലെ മറുപടിയ്ക്ക്

## ബേക്കൽ ബീച്ച് പാർക്കിനു സമീപം പുതിയ പാർക്ക്

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ബേക്കൽ ബീച്ച് പാർക്കിന് സമീപം പുതിയ പാർക്ക് സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | എത്ര രൂപയാണ് നിർമ്മാണത്തിന് ചെലവായിട്ടുള്ളത്; പ്രസ്തുത പാർക്ക് പൂർത്തിയാക്കി ടൂറിസ്റ്റുകൾക്കായി തുറന്ന് കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ; | ബി) | 3,73,62,136 രൂപയാണ് പാർക്കിന്റെ വികസനത്തിനും ലാന്റ് സ്കേപ്പിംഗിനുമായി ചെലവഴിച്ചത്. എന്നാൽ പദ്ധതി 95 ശതമാനത്തോളം പൂർത്തീകരിച്ച് കഴിയവെ നിർമ്മാണപ്രവർത്തന പ്രദേശം CRZ ൽ ഉൾപ്പെട്ടതായതിനാൽ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവയ്ക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത പാർക്ക് പൂർത്തിയാക്കി ടൂറിസ്റ്റുകൾക്ക് തുറന്ന് കൊടുക്കാൻ സാധിച്ചിട്ടില്ല. |
| സി) | പ്രസ്തുത പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇനി എത്ര തുക വേണ്ടി വരും ; ആയത് ടൂറിസം വകുപ്പ് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | സി) | പ്രസ്തുത പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 300 ലക്ഷം രൂപ വേണ്ടിവരും. ഇതിന്റെ ഒന്നാം ഘട്ട നവീകരണം പൂർത്തിയാക്കുന്നതിന് ടൂറിസം വകുപ്പ് 138 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പണി പൂർത്തിയാക്കി ഈ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്കായി എന്ന് തുറന്ന് കൊടുക്കാനാവുമെന്ന് അറിയിക്കാമോ? | ഡി) | 2015 ആഗസ്റ്റ് പകുതിയോടു കൂടി പണി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ